Tab 1

എന്റെ പേര് അരുൺ കുമാർ. എസ്.



ഞാൻ 2021-24 ബാച്ചിൽ വി.പി.എസ് മലങ്കര എച്ച്.എസ്.എസ് വെങ്ങാനൂരിൽ ലിറ്റിൽ കൈറ്റ്സ് അംഗമായിരുന്നു. ആ ബാച്ചിന്റെ ലീഡറുമായിരുന്നു. പ്രോഗ്രാമിംഗിനായുള്ള ലിറ്റിൽ കൈറ്റ്സ് സബ് ജില്ലാ ക്യാമ്പിലും സബ് ജില്ലാ ഐടി ക്വിസ് മത്സരത്തിലും പങ്കെടുക്കാൻ എനിക്ക് സാധിച്ചു. ലിറ്റിൽ കൈറ്റ്സിലൂടെയാണ് ഞാൻ ആദ്യമായി പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, ആനിമേഷൻ തുടങ്ങിയവ പരിചയപ്പെടുന്നത്. ഒരു ചെറിയ ഗെയിമിംഗ് സോഫ്റ്റ്‌വെയറായ സ്ക്രാച്ചിൽ തുടങ്ങി, പൈത്തൺ, മലയാളം ടൈപ്പിംഗ്, HTML, വീഡിയോ എഡിറ്റിംഗ് എന്നിവ ലിറ്റിൽ കൈറ്റ്സ് എനിക്ക് പരിചയപ്പെടുത്തി. കമ്പ്യൂട്ടർ സയൻസിനെക്കുറിച്ച് എനിക്ക് വ്യക്തമായ ധാരണ ലഭിക്കുകയും ചെയ്തു. ഞാനും എന്റെ ടീമും വെണ്ണിയൂർ സെന്റ് ജോസഫ് യുപിഎസ് സ്കൂളിലെ യുപി വിഭാഗത്തിന് പ്രോഗ്രാമിംഗിനെക്കുറിച്ചും ലിറ്റിൽ കൈറ്റ്സിന്റെ ലക്ഷ്യത്തെക്കുറിച്ചും പഠിപ്പിക്കാൻ പോയിരുന്നു. യുപി വിഭാഗത്തിലുള്ള എല്ലാവർക്കും അത് ഇഷ്ടപ്പെട്ടു. സ്കൂൾ ഐടി മേളയിൽ, ഞാനും എന്റെ ടീമും പൈത്തൺ ഉപയോഗിച്ച് ഗെയിമുകൾ, മലയാളം ഡിജിറ്റൽ മാഗസിനുകൾ എന്നിവ തയ്യാറാക്കി. ലിറ്റിൽ കൈറ്റ്സിൽ നിന്ന് ഞാൻ പഠിച്ചതെല്ലാം എന്റെ തുടർ പഠനത്തെ

സഹായിച്ചു. പല നേട്ടങ്ങൾക്കും ലിറ്റിൽ കൈറ്റ്സ് എന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. സാങ്കേതിക വിദ്യയോടുള്ള എന്റെ താൽപര്യം അത് വളർത്തി. വികസിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികവിദ്യയുടെ പഠനമാണ് ലിറ്റിൽ കൈറ്റ്സ്.

നന്ദി.....